K16U 2006

Reg. No.: ..............................

Name : ..................................

# III Semester B.A./B.Sc. Degree (CBCSS – Reg./Supple./Improve.) Examination, November 2016
## (2014 Admn. Onwards)
## COMMON COURSE IN MALAYALAM
## 3A09 MAL : മലയാള കവിത

Time : 3 Hours Max. Marks : 40

I. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ **രണ്ടെണ്ണത്തിന്** 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (2×7=14)

1) മലയാള ഭാഷയുടേയും കേരളത്തിന്റെ നാടോടി സംസ്കൃതിയുടേയും മേളനം നമ്പ്യാരുടെ കൃതികളിൽ കാണാം – ചർച്ച ചെയ്യുക.

2) ഒരു വിവർത്തന കൃതി എന്നതിനേക്കാൾ സ്വതന്ത്രകൃതിയുടെ അനുഭവം നൽകാൻ എഴുത്തച്ഛന് കഴിയുന്നു – ലക്ഷ്മണോപദേശം എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

3) പ്രകൃതി സൗന്ദര്യത്തേയും കാവ്യസൗന്ദര്യത്തേയും കോർത്തിണക്കുന്നതാണ് പി. കുഞ്ഞിരാമൻ നായരുടെ കവിതകൾ – 'സൗന്ദര്യപൂജയെ' അടിസ്ഥാനമാക്കി വിശദീകരിക്കുക.

4) 'ഒടിച്ചു മടക്കിയ ആകാശം' എന്ന കവിതക്ക് ഒരാസ്വാദനം തയ്യാറാക്കുക.

II. **നൂറ്റൻപതു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (4×3=12)

5) "കേളിയേറിന മേല്പുത്തൂരിന്റെ വിഭക്തിയെ –
ക്കാളിഹ പൂന്താനത്തിൻ ഭക്തിയാണെനിക്കിഷ്ടം !" – വിശദീകരിക്കുക.

6) "വന്മദം പൂണ്ടു നീ സന്മതിവേറായി
നമ്മെ മറക്കൊല്ലായെന്നു നണ്ണി
നിന്നുടെ പൂജയ്ക്കു ഭംഗത്തെച്ചെയ്തു ഞാൻ
എന്നുള്ളതുള്ളത്തിൽ തേറിനാലും" – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

P.T.O.

7) ''അതുമല്ലയി നൽകിടുന്നു നിൻ
സ്ഥിതിയുൽക്കണ്ഠയെനിക്കു സിംഹമേ !
ഇതു കണ്ടു ശരീരപഞ്ജര –
സ്ഥിതനാം ജീവനെയോർത്തിടുന്നു ഞാൻ.'' – കവി ഓർക്കുന്ന ജീവിതാവസ്ഥയെന്ത് ?

8) 'ദേവാസുരം' എന്ന കവിതയെക്കുറിച്ച് പഠനക്കുറിപ്പ് എഴുതുക.

9) ''പരമാർത്ഥത്തിൽപ്പരനും ഞാനും
ഭവാനുമൊന്നല്ലി'' – ഇവിടെ കവി അവതരിപ്പിക്കുന്ന ദർശനമെഴുതി സമകാലിക പ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്യുക.

10) എൻ. വി. കൃഷ്ണവാര്യരുടെ ജീവിതവീക്ഷണം 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയെ ആസ്പദമാക്കി വിശദീകരിക്കുക.

III. നൂറ് വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ''ഗോവർദ്ധനത്തേയും ഗോക്കളെത്തന്നെയും
പൂജിപ്പൂ നാമിപ്പൊളെന്നേ വേണ്ടൂ''. – സന്ദർഭമെഴുതുക.

12) ''മുനിമാരും മുകരാത്ത സുഖചക്രവാളം
ഉണരുന്നു പുളകിതം മമജീവനാളം'' – കവിയുടെ പുളകത്തിന്റെ കാരണം വിവരിക്കുക.

13) 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയ്ക്ക് ഒരു സ്ത്രീപക്ഷവായന തയ്യാറാക്കുക.

14) ''മണിപോയാലതുമുണ്ടാക്കീടാം
തുണിപോയാലതുമുണ്ടാക്കീടാം
പ്രാണൻ പോയാലുണ്ണികളേ ! പുന –
രുണ്ടാകില്ലെന്നമ്മ പറഞ്ഞു'' – സന്ദർഭം വിശദീകരിക്കുക.

15) ''ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ'' – തത്വചിന്ത വിശദീകരിക്കുക.

16) ''നമുക്കുനാമേ പണിവതു നാകം
നരകവുമതുപോലെ'' – വ്യാഖ്യാനിക്കുക.

IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും **ആറെണ്ണത്തിന്** ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

**(6×1=6)**

17) ''ഉണ്ടൊരു കൃതി – അല്ലാ, വികൃതി – എന്തേതായ്; ച്ചൊൽ – ക്കൊണ്ടെഴുമങ്ങുന്നതിൻ പിഴകൾ തീർത്താൽക്കൊള്ളാം'' – ആരുടെ വാക്കുകൾ ?

18) ''കൃതമാമഹിതം സഹിക്കുമോ
ധൃതവീര്യൻ പരതന്ത്രനെങ്കിലും'' – ഏത് കവിതയിലെ വരികൾ ?

19) 'ഉജ്ജ്വലശബ്ദാഢ്യൻ' എന്നറിയപ്പെട്ടിരുന്ന കവി ?

20) 'കേരള കലാമണ്ഡലം' സ്ഥാപിച്ച കവിയാര് ?

21) 'കവിയുടെ കാല്പാടുകൾ' ഏത് കവിയുടെ അനുഭവകഥനമാണ് ?

22) 'പാടുന്ന പിശാച് ' ആരുടെ കവിതയാണ് ?

23) 'മൃഗശിക്ഷകൻ' ആരുടെ രചനയാണ് ?

24) 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിത എഴുതിയതാര് ?

---